ഡിസൈൻ ചെയ്യുന്നതിനു തൊഴിലാളികൾക്ക് പരിശീലനം നൽകൽ, കയറ്റു മതി സബ്സിഡി പദ്ധതി പ്രകാരമുള്ള ധനസഹായം, പ്രോജക്ടു പാക്കേജ് പദ്ധതി പ്രകാരമുള്ള ധനസഹായം. ആധുനിക ഡിസൈനുകൾ കമ്പ്യൂട്ടറുക ളുടെ സഹായത്തോടെ തറികളിൽ വരുത്താൻ സ്വീഡിഷ് ഗവൺമെന്റിന്റെ സഹായത്തോടെ സിഡിറ്റും, കെൽട്രോണും ചേർന്നു ജക്കാർഡിൽ രൂപകല്പ നചെയ്തു ഹാന്റക്സ് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതി, എൻ.സി.ഡി.സി. പദ്ധതി വഴി അർഹരായ സംഘങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കു നൽകുന്ന ധനസഹായം, വിപണനസഹായ പദ്ധതി/റിബേറ്റ് എന്നീ സാമ്പത്തിക സഹാ യങ്ങൾ, ഫാക്ടറി ടൈപ്പു സംഘങ്ങൾക്കുള്ള പുനഃരുദ്ധാരണ സാമ്പത്തിക സഹായം.

(സി) കൈത്തറി നെയ്ത്തിനാവശ്യമായ കഴിനൂലിന് ഈടാക്കിയിരുന്ന 2.5% വില്പന നികുതി 1% ആയി കുറച്ചിട്ടുണ്ട്.

മഹാത്മഗാന്ധി വീവേഴ്സ് സൊസൈറ്റി

46(2843) ശ്രീ. പി. വിശ്വൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിലെ മഹാത്മഗാന്ധി വീവേഴ്സ് സൊസൈറ്റി യുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവിലുള്ള സൊസൈറ്റിയുടെ സൗകര്യങ്ങൾ പൂണ്ണമായും ഉപയോഗപ്പെടുത്തുവാൻ നടപടിയെടുക്കുമോ;

(സി) പ്രസ്തുതസ്ഥാപനത്തിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് മാർക്കറ്റിംഗ് ലഭിക്കാൻ സർക്കാർ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംഘത്തിന്റെ സ്ഥാപിതശേഷി പൂർണ്ണമായും വിനിയോഗിക്കു ന്നതിനുതാല്പര്യമുള്ള അംഗങ്ങൾക്ക് പരിശീലനം നൽകി അതുവഴി ഉല്പാദ നക്ഷമത വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ട്.

(സി) പ്രാഥമികസംഘങ്ങൾ അവരവരുടെ ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിന് സ്വയം നടപടികൾ കൈക്കൊള്ളേണ്ടതാണ്. കൂടാതെ ഉത്സവ കാലങ്ങളിൽ പ്രത്യേക റിബേറ്റും പ്രദർശനവില്പനയുള്ള സാഹചര്യങ്ങളും നൽകുന്നുണ്ട്. വിപണനസഹായത്തിനായി സംഘത്തിന് ഹാന്റക്സ്വഴി ഗവൺമെന്റ് നൽകിയിട്ടുള്ള സഹായങ്ങളും സ്വീകരിക്കാവുന്നതാണ്.

കണ്ണൂർ ജില്ലയിലെ മയ്യിൽ വിവേഴ്സ് ഇൻഡസ്ട്രിയൽ സൊസൈറ്റി ക്കുള്ള സഹായം

47 (2844) ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മയ്യിൽ വിവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓ പ്പറേറ്റീവ് സൊസൈറ്റിയിൽ ഡൈഹൗസ് നിർമ്മിക്കുന്നതിന് സഹായം അഭ്യർത്ഥിച്ചുകൊണ്ടുള്ള ഹർജി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആവശ്യത്തിന് എത്ര സംഖ്യയാണ് ആവശ്യപ്പെട്ടിട്ടുള്ളത്;

(ഡി) പരംമ്പരാഗത വ്യവസായ സംരംഭമെന്ന നിലയിൽ പ്രസ്തുത സ്ഥാപനത്തിന്റെ ആവശ്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

മയ്യിൽ ഇൻഡസ്ട്രീയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽനിന്ന് എച്ച്.ഡി.സി, ക്യൂ.ഡി.യു. പദ്ധതിപ്രകാരം ധനസഹായത്തിനുള്ള അപേക്ഷ സർക്കാരിനു ലഭിച്ചിരുന്നു.

(ബി) ഡൈ ഹൗസ് നിർമ്മിക്കുന്നതിന് ധനസഹായം അഭ്യർത്ഥിച്ചുകൊണ്ടുള്ള മയ്യിൽ വിവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ അപേക്ഷ സംസ്ഥാന ഗവൺമെന്റ് ശുപാർശചെയ്ത് കേന്ദ്ര ഗവൺമെന്റിന്റെ കൈത്തറി വികസന കമ്മീഷണർക്ക് 15-2-99 ന് അയച്ചിട്ടുണ്ട്.

(സി) അപേക്ഷിക്കുന്നതുക പ്രത്യേകിച്ച് സൂചിപ്പിച്ചിട്ടില്ല. സംഘത്തിന്റെ സാംപത്തിക നില കണക്കാക്കി ധനസഹായത്തിന്റെ അർഹത നിശ്ചയിക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ കൈത്തറിവികസന കമ്മീഷൻ ആണ്. അർഹമായ തുക അനുവദിക്കാൻ ആണ് ശുപാർശ ചെയ്തിട്ടുള്ളത്.

(ഡി) ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് കേന്ദ്രസർക്കാരാണ്.

കണ്ണൂർ മാണിയൂർ കരിങ്കൽ തൊഴിലാളി സഹകരണ സംഘത്തിനുള്ള സർക്കാർ ഷെയർ

48(2845)ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാണിയൂർ കരിങ്കൽ തൊഴിലാളി വ്യവസായ സഹകരണ സംഘത്തിന് സർക്കാർ അനുവദിച്ച സർക്കാർ ഷെയർ വിനിയോഗിക്കുന്നതിനുള്ള കാലാവധിനീട്ടി ലഭിക്കുവാനുള്ള ഹർജി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) സർക്കാർ ഷെയർ വിനിയോഗിക്കുവാനുള്ള കാലാവധി നീട്ടി നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സർക്കാർ ഓഹരി പങ്കാളിത്തമായി ടി സംഘത്തിന് അനുവദിച്ച് 92,000 രൂപ വിനിയോഗിക്കുന്നതിന് 31.8.97 വരെ കാലാവധി ദീർഘിപ്പിച്ചു നൽകിയിരുന്നു. ഇതിനോടകം പ്രസ്തുത തുക സംഘം വിനിയോഗിക്കേണ്ടതായിരുന്നു. 1990-ൽ അനുവദിച്ച ടി തുക ഇത്രയും കാലയളവിനുള്ളിൽ സൊസൈറ്റി പ്രയോജനപ്പെടുത്താതെ വീണ്ടും കാലാവധി നീട്ടിക്കൊ

LIBRARY ARCHIVES Kerala Legislative Assembly